**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 531** **23-07-2021 - ൽ മറുപടിയ്ക്ക്**

**ജലവിതരണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജിഡ, ഹഡ്കോ, ചൊവ്വര തുടങ്ങിയ നിരവധി ജലവിതരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടും പൂർണ്ണമായും ജലത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന വൈപ്പിൻ നിയോജക മണ്ഡലത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. പമ്പ് ഹൗസുകളിൽ ലഭിക്കുന്ന വെള്ളത്തിന്റെ അളവ് കുറയുന്നതും വൈദ്യുതി തടസ്സങ്ങളും കുടിവെള്ള ക്ഷാമത്തിന് കാരണമാകുന്നുണ്ട്. |
| (ബി) | ഇതുപരിഹരിക്കാനായി സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തെല്ലാമെന്നും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്നും വിശദമാക്കാമോ; | (ബി) | സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ചൊവ്വര റോവാട്ടർ പമ്പ് ഹൗസിലെ ഒരു 600 എച്ച്.പി മോട്ടോർ (സ്റ്റാന്റ് ബൈ), കപ്പാസിറ്റർ, പാനൽ ഇവ സ്ഥാപിക്കുകയും 11 കെ.വി. സബ്സ്റ്റേഷനിൽ ബാറ്ററി ചാർജ്ജർ, ബാറ്ററികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫ്ളാഷ് മിക്സർ മോട്ടോർ കെമിക്കൽ മിക്സിംഗ്/ അജിറ്റേറ്റർ യൂണിറ്റ് എന്നിവയുടേയും പണികൾ പുരോഗമിക്കുന്നു. പള്ളിപ്പുറം പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി MLA ആസ്തി വികസന ഫണ്ടുപയോഗിച്ച് കരുത്തലയിൽ ബൂസ്റ്റിംഗ് പമ്പിങ് സ്റ്റേഷൻ ആരംഭിച്ചു. കൂടാതെ ജിഡ ഫണ്ടുപയോഗിച്ച് മുരിക്കുംപാടത്ത് 11.8 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണിയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു. ഞാറയ്ക്കലിൽ 11.9 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജലസംഭരണിയുടെ നിർമ്മാണത്തിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട് . കൊച്ചി കോർപ്പറേഷനിലേയും അനുബന്ധ പഞ്ചായത്തുകളുടേയും/മുനിസിപ്പാലിറ്റികളുടേയും നിലവിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി Kochi Augmentation പദ്ധതിയിൽ ഉൾപ്പെടുത്തി 130 കോടി ചെലവ് വരുന്ന 143 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ നിർമാണത്തിനായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച പദ്ധതി പ്രാവർത്തികമാകുമ്പോൾ വൈപ്പിൻ കരയിലെ എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം എന്നീ പഞ്ചായത്തുകൾക്കുകൂടി പ്രയോജനപ്പെടുന്നതാണ് . |

| | | | |
|---|---|---|---|
| | | | കൂടാതെ കെ ആർ ഡബ്ല്യു എസ് എ യുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ 'മഴവെള്ള സംഭരണം ഭൂജല പരിപോഷണം' പദ്ധതി മുഖേന വൈപ്പിൻ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പള്ളിപ്പുറം, നായരമ്പലം ഗ്രാമ പഞ്ചായത്തുകളിലെ 160 കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സഹായകരമായ മഴവെള്ള സംഭരണികൾ പങ്കാളിത്താധിഷ്ഠിത മാതൃകയിൽ 2013-14 കാലഘട്ടത്തിൽ നിർമിച്ച് നൽകിയിട്ടുണ്ട് . |
| (സി) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ പ്രധാന ശുദ്ധജലവിതരണ പദ്ധതിയായ ചൊവ്വര കുടിവെള്ള പദ്ധതി പുനരുദ്ധരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ചൊവ്വര ജലശുദ്ധീകരണ ശാലയുടെ പുനരുദ്ധാരണത്തിനുള്ള 4 കോടിയുടെ അടങ്കൽ JJM പദ്ധതിയിൽ ഉൾപ്പെടുത്തി State Level Scheme Sanctioning Committee (SLSSC) യിൽ സമർപ്പിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ